# കേരള കാർഷിക സർവ്വകലാശാല
## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം
## ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
Email: cohagmet@kau.in & kauagmet@yahoo.co.in


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

# തൃശ്ശൂർ ജില്ല

**കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷി വകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.**

**എ.എ.എസ് 29/2018(57), ചൊവ്വാഴ്ച** **തീയ്യതി 17.07.2018**

**കഴിഞ്ഞ ആഴ്ചയിലെ അന്തരീക്ഷസ്ഥിതി:** കഴിഞ്ഞ ആഴ്ച്ച വെള്ളാനിക്കരയിൽ 359.2 മി.മീ മഴ ലഭിച്ചു. ഏറ്റവും ഉയർന്നതാപനില 26.7 മുതൽ 30.5 ഡിഗ്രി സെൽഷ്യസും ഏറ്റവും കുറഞ്ഞതാപനില 20.7 മുതൽ 22.4 ഡിഗ്രി സെൽഷ്യസും, രാവിലത്തെ അന്തരീക്ഷ ആർദ്രത 96 മുതൽ 99 ശതമാനം വരെയും, ഉച്ചത്തെ അന്തരീക്ഷ ആർദ്രത 74 മുതൽ 97 ശതമാനം വരെയും ആയിരുന്നു. കാറ്റിന്റെ വേഗത മണിക്കൂറിൽ 0.4 മുതൽ 2.6 കിലോമീറ്ററും, സൂര്യ പ്രകാശത്തിന്റെ അളവ് ദിനം പ്രതി 0.0 മുതൽ 1.1 മണിക്കൂറും, ബാഷ്പീകരണം ദിനം പ്രതി 1.5 മുതൽ 3.4 മില്ലി.മീറ്റർ വരെയും ആയിരുന്നു.

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.07.2018 | 19.07.2018 | 20.07.2018 | 21.07.2018 | 22.07.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 35 | 35 | 30 | 30 | 30 |
| ഉയർന്ന താപനില (°C) | 29 | 29 | 29 | 29 | 29 |
| കുറഞ്ഞ താപനില (°C) | 21 | 21 | 22 | 22 | 22 |
| മേഘവ്യാപ്തി (ഒക്ട) | 8 | 8 | 7 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ (ഡിഗ്രി) | 230 | 230 | 230 | 230 | 230 |

**അടുത്ത ആഴ്ച്ച കേരളത്തിൽ ശരാശരിയേക്കാൾ കൂടുതൽ മഴയ്ക്ക് സാധ്യത.**
**വരും ദിവസങ്ങളിൽ തൃശ്ശൂർ ജില്ലയിൽ സാമാന്യം ഭേദപ്പെട്ട മഴയ്ക്ക് സാധ്യത.**

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം | രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| തെങ്ങ് | - | കൂമ്പുചീയൽ | തുടർച്ചയായ മഴ മൂലം, തെങ്ങിൽ കൂമ്പുചീയൽ രോഗം വരാൻ സാധ്യതയു ് . തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷെ (5 ഗ്രാം) മൂന്നുപായ്ക്കറ്റ് വീതം ഒരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും വയ്ക്കുക. മഴ പെയ്യുമ്പോൾ മരുന്ന് കുറേശെയായി കൂമ്പിലേക്ക് ഒലിച്ചിറങ്ങുന്നതു വഴി ഈ രോഗം ഒരു പരിധി വരെ നിയന്ത്രിക്കാം. |
| വാഴ | കുലയ്ക്കുന്ന പരുവം | ഇലപ്പുള്ളി രോഗം | മഴക്കാലമായതിനാൽ വാഴയിൽ കുമിൾ രോഗമായ ഇലപ്പുള്ളിരോഗത്തിനു മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് കുളിർക്കെ തളിക്കുക. 2 ആഴ്ചക്കു ശേഷവും രോഗത്തിനു കുറവില്ലെങ്കിൽ 1 ഗ്രാം ബാവിസ്റ്റിൻ ഒരു ലിറ്റർ വെള്ളത്തിൽ പശ ചേർത്ത് ഇലയുടെ അടിയിൽ പതിയത്തക്ക വിധം കുളിർക്കെ തളിക്കുക. |
| പച്ചക്കറികൾ (വെള്ളരി വർഗ്ഗങ്ങൾ) | പൂക്കുന്ന/കായ്ക്കുന്ന പരുവം | മൃദുരോമപൂപ്പ് | തെക്കു പടിഞ്ഞാറൻ മൺസൂണിന്റെ ആരംഭമായതിനാൽ പച്ചക്കറികളിൽ മൃദുരോമപൂപ്പ് എന്ന കുമിൾ രോഗം കാണാനിടയു ് . പ്രതിവിധിയായി കർസേറ്റ് എം-8 2 ഗ്രാം അല്ലെങ്കിൽ ഇക്വേഷൻ പ്രോ 1 മി.ലി ഒരു ലിറ്റർ വെള്ളത്തിൽ അല്ലെങ്കിൽ ട്രൈക്കോഡർമ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 15 ദിവസം ഇടവിട്ട് ഇലയുടെ അടിയിൽ പതിയത്തക്ക വിധത്തിൽ കലക്കി തളിക്കുക. |
| മൃഗസംരക്ഷണം | അകിടുവീക്കം തടയാൻ പശുവിന്റെ അകിടും, കറവക്കാരന്റെ കൈകളും വൃത്തിയായി കഴുകിയതിനു ശേഷം കറവ ആരംഭിക്കുക. കറവക്കുശേഷം അകിട് അണുവിമുക്തമാക്കുന്നതിന് പൊട്ടാസ്യം പെർമാംഗനേറ്റ് ലായനി 1:1000 എന്ന അനുപാതത്തിൽ വെള്ളത്തിൽ ചേർത്ത് ഉപയോഗിക്കാവുന്നതാണ്. **(സി.എ.എ.ഡി.ഇ.സി.സി.എസ്., കെ.വി.എ.എസ്.യു., മണ്ണുത്തി)** | | |